# കേരള കാർഷിക സർവ്വകലാശാല

**സെന്ററർ ഫോർ ഇ-ലേണിംഗ്**
ഐ.ടി.-ബി.ടി. കോംപ്ലക്സ് മെയിൻ കാംപസ്
കേരള കാർഷിക സർവ്വകലാശാല
കെ.എ).യു. പി.ഒ., തൃശൂർ, പിൻ - 680 656
ഇ-മെയിൽ: cel@kau.in, ഫോൺ: 0487-2438566

**നം.** CeL/549/2025 **തീയതി: 26 ജൂലൈ 2026**

KAU MOOC

## അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ഇ ലേണിംഗ് അഥവാ ഇ-പഠന കേന്ദ്രം വഴി **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിൽ സൗജന്യ ഹ്രസ്വകാല മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) ആരംഭിക്കുന്നു. **2026 ആഗസ്റ്റ് മാസം 17-)o** തീയതി ക്ലാസ്സുകൾ ആരംഭിക്കും. 27 ആഗസ്റ്റ് 2026 ന് ശേഷം പുതിയ രജിസ്ട്രഷേനുകൾ സ്വീകരിക്കുന്നതല്ല.

ഇരുപത് ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. 9 സെഷനുകളിലായി തയ്യാറാക്കിയ ഈ സൗജന്യ കോഴ്സ് കെ.എ).യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിൻറെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കോഴ്സ് പൂർത്തീകരിക്കുമ്പോൾ ഇ-പഠന കേന്ദ്രം നടത്തുന്ന പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ, ഒരു നിശ്ചിത തുക അടയ്ക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്.

കോഴ്സിൽ രജിസ്റ്റർ ചെയ്യുന്നതിനായി താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കുക. (ഒറ്റത്തവണ രജിസ്ട്രേഷൻ ആയതിനാൽ മുൻപ് രജിസ്റ്റർ ചെയ്ത പഠിതാക്കൾ വീണ്ടും രജിസ്ട്രേഷൻ ചെയ്യേണ്ടതില്ല. അവർ താഴെ കാണുന്ന 3 മുതൽ 5 വരെയുള്ള നിർദേശങ്ങൾ മാത്രം പാലിച്ചാൽ മതിയാകും)

1) www.celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2) ഈ പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി "രജിസ്റ്റർ" ബട്ടൺ അമർത്തുക. (ഇപ്പോൾ നിങ്ങൾ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞു. ഇനി കോഴ്സ് രജിസ്ട്രേഷൻ കൂടി പൂർത്തിയാക്കേണ്ടതുണ്ട്. അതിനായി താഴെ കാണുന്ന 3 മുതൽ 5 വരെയുള്ള നിർദേശങ്ങൾ പാലിക്കുക.)
3) https://celkau.in/elearning/index.php എന്ന ലിങ്ക് വഴി നിങ്ങളുടെ യൂസർ ഐ.ഡി. യും പാസ്സ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക.
4) ശേഷം **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന കോഴ്സിന്റെ അടിയിൽ, 'Enroll Now' എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. (ഇപ്പോൾ നിങ്ങൾ പുതിയ കോഴ്സിൽ ചേർന്നിരിക്കുന്നു).
5) കോഴ്സ് ആരംഭിക്കുന്ന ദിവസം മുതൽ യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

**"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്ക് (MOOC) ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com എന്ന ഇമെയിൽ വഴി ബന്ധപ്പെടുക.
സംശയ നിവാരണങ്ങൾക്കായി 0487-2438567, 8547837256 എന്നീ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

Sd/-
ഇൻസ്റ്റിറ്റ്യൂഷണൽ കോർഡിനേറ്റർ

Sd/-
ഡയറക്ടർ

ഇ-പഠന കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല